**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 648** **02-02-2023 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് എയർപോർട്ടിലെ എയർ കാർഗോ കോംപ്ലക്സിലെ ഹാന്റ്ലിംഗ് കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് -ന് കീഴിലുള്ള കാലിക്കറ്റ് എയർപോർട്ട് കാർഗോ കോംപ്ലക്സിലെ ഹാന്റ്ലിംഗ് കരാർ തൊഴിലാളികൾ 30/08/22 ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കാലിക്കറ്റ് എയർപോർട്ടിലെ എയർ കാർഗോ കോംപ്ലക്സിലെ ഹാന്റ്ലിംഗ്കരാർ തൊഴിലാളികളുടെ 30.08.2022-ലെ നിവേദനം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഇ മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | തൊഴിലാളികൾക്ക് മിനിമം വേതനം, വാർഷിക വർദ്ധനവ്, പൊതുഒഴിവ് ദിനങ്ങളിലെ ജോലിക്ക് അധിക വേതനം, ജോലി ചെയ്യുന്ന എല്ലാ ദിവസങ്ങളിലും വേതനം തുടങ്ങിയ ന്യായമായ ആവശ്യങ്ങളിന്മേൽ അനുഭാവ പൂർവ്വമായ നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കുമോ; ? | (ബി) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റായ കോഴിക്കോട് എയർകാർഗോ കോംപ്ലക്സിൽ ഗ്രേ മാറ്റർ എന്ന പുറം കരാർ ഏജൻസി വഴി നിയമിതരായ തൊഴിലാളികളുടെ വേതന വർദ്ധനവ് ബഹു.മുൻ വ്യവസായ വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം 19/01/2021 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതു പ്രകാരം 600 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ കെ.എസ്.ഐ.ഇ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ